പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും

6 |184| *ഡോ: തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02 മുതൽ 2004-05 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വകുപ്പ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ബി) ഓരോ വകുപ്പിലും മേൽപ്പറഞ്ഞ കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്ര? പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക വാപ്സാക്കിയിട്ടുണ്ടോ? എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പ് അടിസ്ഥാനത്തിലുള്ള തരംതിരിവിലല്ല ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നത്. പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്കിലാണ് തുക വകകൊള്ളിക്കുന്നത്. 2001-02 മുതൽ 2004-05 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും താഴെപ്പറയും പ്രകാരമാണ്.

ബഡ്ജറ്റിൽ ലക്ഷ്യമിട്ട തുക (രൂപ കോടിയിൽ)

വർഷം	*പദ്ധതി*	*പദ്ധതിയേതരം*
2001-02	3063.04	10881.69
2002-03	3901.92	10839.65
2003-04	4419.02	11662.55
2004-05	4889.66	14792.75

ചെലവഴിച്ച തുക (രൂപ കോടിയിൽ)

വർഷം	*പദ്ധതി*	*പദ്ധതിയേതരം*
2001-02	2419.74	9961.40
2002-03	3973.51	11731.22
2003-04	3119.30	14308.01
2004-05	*3934.76	*14109.13

ചെലവിനങ്ങളുടെ വകുപ്പടിസ്ഥാനത്തിലുള്ള കണക്കുകൾ ഇപ്പോൾ സൂക്ഷിക്കുന്നില്ല.

*അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly